Page 1 of 2

ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഒരു പുതിയ അക്ഷയ കേന്ദ്രം അനുവദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതിയുടെ നിവേദനം (എം.എൽ.എ.-യുടെ കത്ത് ഉൾപ്പെടെ നൽകിയത്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കുളക്കാട്ടുകുറിശ്ശി ലൊക്കേഷനിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംരംഭക തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പേരാമ്പ്ര, മേലടി, പന്തലാനി ബ്ലോക്കുകൾ

361 (361) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര, മേലടി, പന്തലായനി ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III ഓവർസിയറുമാരുടെയും എ.ഇ., എ.എക്സ്.ഇ. മാരുടെയും ഒഴിവുകൾ എത്രയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

മേലടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒരു ഒഴിവ് നിലവിലുണ്ട്. നൊച്ചാട്, ചെങ്ങരോത്ത്, മൂടാടി ഗ്രാമപഞ്ചായത്തുകളിലും പന്തലായനി ബ്ലോക്ക് പഞ്ചായത്തിലും ഒന്നാം തരം ഓവർസിയറുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്. ചെറുവന്നൂർ, കായണ്ണ, കീഴരിയൂർ, മേപ്പയ്യൂർ, അരിക്കുളം ഗ്രാമപഞ്ചായത്തുകളിലും മേലടി ബ്ലോക്ക് പഞ്ചായത്തിലും രണ്ടാം തരം ഓവർസിയറുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്. ചെങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ മൂന്നാം തരം ഓവർസിയറുടെ ഒരു ഒഴിവ് നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഒഴിവുകൾ നികത്താത്തത് കാരണം പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഓവർസിയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒന്നാം തരം, രണ്ടാംതരം ഓവർസിയർ തസ്തികകളിലെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ നവീകരണം

362 (362) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് സ്വന്തമായുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ 5 വർഷത്തിനിടയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

നഗരസഭകൾക്ക് സ്വന്തമായുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ 5 വർഷത്തിനിടയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) നഗരസഭകളിലെ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ ഏതൊക്കെ കേന്ദ്രങ്ങളെയാണ് അർബൻ ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

വിവിധ നഗരസഭകളിലായി അർബൻ ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ നഗരസഭ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) നഗരസഭകളിലെ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ ജോലി നിർവഹിക്കേണ്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നഗരസഭകളുടെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.